പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR**

**PROTECTION OF CHILD RIGHTS**

Vanross Junction, Kerala University P.O., Thiruvananthapuram – 695 034

Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

12.01.2022

# തമിഴ് കന്നഡ സ്കൂളുകളിലെ പ്രഥമാധ്യാപകരുടെ മാതൃഭാഷ ആ സ്കൂളിലെ ബോധനമാധ്യമം ആയിരിക്കണം

**-ബാലാവകാശ കമ്മീഷൻ**

സംസ്ഥാനത്തെ തമിഴ് കന്നഡ സ്കൂളുകളിൽ സ്ഥാനകയറ്റം, സ്ഥലം മാറ്റം എന്നിവ വഴി നിയമിക്കപ്പെടുന്ന പ്രഥമാധ്യാപകരുടെ മാതൃഭാഷ ആ സ്കൂളിലെ ബോധനമാധ്യമം ആയിരിക്കണമെന്ന് ബാലാവകാശ കമ്മീഷൻ ഉത്തരവായി. മലയാളം, തമിഴ്, കന്നഡ മീഡിയം സ്കൂളുകളിൽ ബോധനമാധ്യമത്തിൽ പ്രാവീണ്യമില്ലാത്തവർ പ്രഥമാധ്യാപകരായി വരുന്നത് കുട്ടികളുടെ പഠനത്തെയും സ്കൂളിന്റെ അക്കാദമിക് നിലവാരത്തേയും ബാധിക്കും. ഇത്തരത്തിൽ അധ്യാപകരെ നിയമിക്കുന്നത് കുട്ടികളുടെ അവകാശ നിയമങ്ങളുടെ ലംഘനമായി കണ്ട് കമ്മീഷൻ അംഗം റെനി ആന്റണിയാണ് ഉത്തരവ് പുറപ്പെടുവിച്ചത്. ഇതിന്മേൽ സ്വീകരിച്ച നടപടി 60 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാൻ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ,ഡയറക്ടർ, ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

ഇടുക്കിയിലും മറ്റ് ചില ജില്ലകളിലും മലയാളം മീഡിയം സ്കൂളുകളിൽ തമിഴ് അധ്യാപകരെ നേരിട്ടും സ്ഥലം മാറ്റം മുഖേനയും പ്രഥമാധ്യാപകരായി നിയമിക്കുന്നു. മലയാളം അറിയാത്ത പ്രഥമാധ്യാപകർക്ക് പഠിപ്പിക്കാനോ മറ്റ് അധ്യാപകരുടെ ടീച്ചിങ് നോട്സ് പരിശോധിക്കാനോ കഴിയില്ല. മലയാളം മീഡിയം സ്കൂളുകളിൽ മലയാള ഭാഷാപ്രാവീണ്യമുള്ളവരെ മാത്രമേ പ്രഥമാധ്യാപകരായി നിയമിക്കാവൂ തുടങ്ങിയ വിഷയങ്ങൾ പരാമർശിച്ച് വെള്ളത്തൂവൽ ഗവൺമെന്റ് എൽ.പി. സ്കൂൾ പി.ടി.എ പ്രസിഡന്റ് കമ്മീഷന് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് ഉത്തരവ്.

പബ്ളിക് റിലേഷൻസ് ഓഫീസർ